<u>ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം</u>

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ പിൻവലിക്കുന്നതിനുള്ള അനുമതിക്കുവേണ്ടിയുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി. ജെ. ജോസഫ്)</u>: സർ, ''കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94 (എ) പ്രകാരം 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ (ബിൽ നം. 208) പിൻവലിക്കുന്നതിന് അനുമതിക്കായുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു''.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സി. ജോസഫ്)</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: പ്രമേയത്തെ അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പിൻവലിച്ചിരിക്കുന്നു.

(ധനകാര്യം)